ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 2/10121/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി : 19.07.2022
ഫോൺ: 0471- 2580 534; supdts.dge@kerala.gov.in

## പരിപത്രം

വിഷയം: പൊതുവിദ്യാഭ്യാസം - സ്പോർട്സ് - ജെ.എൻ ഹോക്കി - സബ് ജില്ല, ജില്ല- 2022 സെലക്ഷൻ ടൂർണമെന്റ് നടത്തുന്നത്- സംബന്ധിച്ച്

സൂചന: ജവഹർലാൽ നെഹ്റു ഹോക്കി ടൂർണമെന്റ് സൊസൈറ്റിയുടെ 11/07/2022 ലെ ഇ മെയിൽ സന്ദേശം

********************************

2022 സെപ്റ്റംബർ 02 മുതൽ ഒക്ടോബർ 09 വരെ **ന്യൂഡൽഹിയിൽ വച്ച്** ജവഹർലാൽ നെഹ്റു ഹോക്കി ടൂർണമെന്റ് നടത്തുന്നതായി സൂചന കത്ത് മുഖേന അറിയിച്ചിരിക്കുന്നു. ആയതിനാൽ **2022 ജൂലൈ 25 മുതൽ ആഗസ്റ്റ് 2** നകം ഉപജില്ല / ജില്ല മത്സരങ്ങൾ പൂർത്തിയാക്കി സംസ്ഥാന തല മത്സരങ്ങൾക്കായി ടീമുകളെ സജ്ജരാക്കേണ്ടതാണ്. അണ്ടർ-17 (പെൺ), അണ്ടർ-17 (ആൺ) എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

ജില്ലയിൽ നിന്ന് സംസ്ഥാനതല മത്സരത്തിനായി തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾ **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്റ്റർ ചെയ്ത് എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്റെ പ്രിന്റൗട്ട് എടുത്തു വേണം സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം ജവഹർലാൽ നെഹ്റു ഹോക്കി ടൂർണമെന്റ് നടത്തേണ്ടത്. സംസ്ഥാനതല മത്സരങ്ങളുടെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

പ്രായ വിഭാഗം :

അണ്ടർ-17 (ആൺ/പെൺ) - 01/11/2005 നോ അതിനുശേഷമോ ജനിച്ചവർ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

എം.കെ.ഷൈൻമോൻ
പെൻ 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 14

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. ആർ.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)